ചോദ്യോത്തരം

മുജീബ്

# വിമോചന സമരത്തോടുള്ള സമീപനം

■ *"വിമോചന സമരകാലത്ത് കേരളത്തിൽ ജമാഅത്തെ ഇസ്‌ലാമി എവിടെയാണുണ്ടായിരുന്നത്? മലബാറിലെ ഒന്നോ രണ്ടോ മൂലകളിൽ ഒരു മുറിയിൽ നിറയാനുള്ള ആളുകൾ അക്കാലത്ത് ജമാഅത്തെ ഇസ്‌ലാമിക്കുണ്ടായിരുന്നിരിക്കാം. അവരാണോ വിമോചന സമരത്തെ എതിർത്തത്? എതിർത്തതിന് എന്താണ് തെളിവ്? കാലില്ലാത്തവൻ സിസർകട്ട് ചെയ്തു എന്നു പറയുന്നതുപോലെയുള്ള ഒരു തമാശയായി ഇതിനെ കണ്ടാൽ മതി. 'ഒരു ജർമൻ യഹൂദിയുടെ മനസ്സിൽ മുളച്ച വിഷച്ചെടിയായ കമ്യൂണിസത്തെ' പ്രതിരോധിക്കാൻ 1957-'59 കാലഘട്ടത്തിൽ കേരളത്തിലെ മൗദൂദി ശിഷ്യന്മാർ മുന്നോട്ടുവന്നു എന്നത് ചരിത്ര വിദ്യാർഥികളെ സംബന്ധിച്ചേടത്തോളം ആവേശകരമായ വസ്തുതയാണ്. അവർ ഈ വിചിത്രാവകാശവാദത്തിന്റെ നിജസ്ഥിതി കണ്ടെത്തുമെന്ന് പ്രത്യാശിക്കാം" (ഡോ. എം.കെ മുനീർ, ചന്ദ്രിക 2009 ജൂലൈ 4). മുജീബ് എന്തു പറയുന്നു?*

***എ.പി മുഹമ്മദ് കോയ ശാന്തപുരം***

**വി**മോചന സമരകാലത്ത് മലബാറിലെവിടെയോ ഒരു മുറിയിൽ നിറയാൻ പോലും ആളില്ലാതിരുന്ന സംഘടനയായിരുന്നു ജമാഅത്തെ ഇസ്‌ലാമിയെങ്കിൽ മുസ്‌ലിംലീഗിന്റെ അന്നത്തെ ജനറൽ സെക്രട്ടറി കെ.എം സീതി സാഹിബ് വിമോചന സമരത്തിലോ തുടർന്ന് നടന്ന ഇടക്കാല നിയമസഭാ തെരഞ്ഞെടുപ്പിലോ പങ്കെടുക്കാതിരുന്ന ജമാഅത്തിനെ നിശിതമായി വിമർശിക്കുകയും ജമാഅത്തിന്റെ നയം തിരുത്തിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തത് എന്തിനായിരുന്നു?

"ഈ സന്ദർഭത്തിൽ ജമാഅത്തെ ഇസ്‌ലാമി എടുത്തിരിക്കുന്ന നിലപാട് വളരെ ദൗർഭാഗ്യകരമായി പോയി. ദൈവത്തിന്റെ ആസ്തിക്യത്തെ നിഷേധിക്കുന്ന നിർമതവാദികളായ കമ്യൂണിസ്റ്റുകൾ തെരഞ്ഞെടുപ്പിന് നിൽക്കുമ്പോൾ അവരെ പരാജയപ്പെടുത്തേണ്ട കാര്യത്തിൽ ശ്രദ്ധിക്കാതെ, ആർക്കും വോട്ട് ചെയ്യാതെ തങ്ങളുടെ വോട്ടുകൾ മരവിപ്പിക്കുക വഴി കമ്യൂണിസ്റ്റുകളെ വിജയിപ്പിക്കുകയായിരിക്കും ജമാഅത്തെ ഇസ്‌ലാമിക്കാർ ചെയ്യുന്നത്. അവർ ആ നിലപാടിൽനിന്നും മാറുന്നില്ലെങ്കിൽ മാറ്റേണ്ടത് നമ്മുടെ കടമയാണ്" (1959 നവംബർ 18ന് ഇടപ്പള്ളിയിൽ ചെയ്ത പ്രസംഗം, *ചന്ദ്രിക* 1959 നവംബർ 21).

വെറും രണ്ട് മുറിയിൽ ഒതുങ്ങുന്ന സംഘടനക്കെതിരെയായിരുന്നു ഈ ജിഹാദ് പ്രഖ്യാപനം! അതുകൊണ്ട് മതിയാക്കാതെ കാലഘട്ടത്തിലെ ഏറ്റവും സമുന്നതനായ മുജാഹിദ് പണ്ഡിതനും മുസ്‌ലിംലീഗുകാരനുമായിരുന്ന കെ.എം മൗലവിയും ആറ് മുതിർന്ന പണ്ഡിതന്മാരും ചേർന്ന് ജമാഅത്തിനെതിരെ ഫത്‌വ ഇറക്കിയതെന്തിനായിരുന്നു? *ചന്ദ്രിക* അതിന്റെ കോളങ്ങൾ ഇന്നത്തേത് പോലെ അന്നും ജമാഅത്തിനെ തേജോവധം ചെയ്യാൻ ഉദാരമായി നീക്കിവെച്ചത് എന്തിനായിരുന്നു? താൻ ജനിക്കുക പോലും ചെയ്യാതിരുന്ന കാലത്ത് ജമാഅത്തിന്റെ ശക്തി മുനീർ എങ്ങനെ മനസ്സിലാക്കി?

മുനീറിന്റെ പാർട്ടിയേക്കാൾ ശക്തമായി കമ്യൂണിസത്തെ സൈദ്ധാന്തികമായും ആശയസമരത്തിലൂടെയും എതിർത്ത പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. മാർക്സിസം ശീഘ്രഗതിയിൽ മുന്നേറവെ അത് മോസ്കോയിലും, മുതലാളിത്തം ന്യൂയോർക്കിലും അനാഥമാവുന്ന കാലഘട്ടത്തെക്കുറിച്ച് പ്രവചിച്ച ചിന്തകനാണ് മൗദൂദി. അദ്ദേഹത്തിന്റെ വിമർശകനായിരുന്ന മൗലാനാ അബുൽ ഹസൻ അലി നദ്‌വി 'പാശ്ചാത്യ ചിന്തയും ഇസ്‌ലാമും തമ്മിലെ സംഘട്ടനം' എന്ന തന്റെ പ്രശസ്ത കൃതിയിൽ, ജമാഅത്തെ ഇസ്‌ലാമിയുടെ ഏറ്റവും മികച്ച സംഭാവനയായി അംഗീകരിച്ചത് മാർക്സിസ്റ്റ്, മുതലാളിത്ത ദർശനങ്ങളിലേക്കുള്ള മുസ്‌ലിം യുവാക്കളുടെ കുത്തൊഴുക്ക് തടഞ്ഞതാണ്. മാർക്സിസത്തിന്റെതന്നെ വകഭേദമായ സോഷ്യലിസത്തിന്റെ അടിത്തറയിൽ നടക്കുന്ന ആശയസമരം കൊണ്ട് ലക്ഷ്യം നേടാനാവില്ലെന്നും ജമാഅത്ത് സമർഥിച്ചു.

**ഡോ. എം.കെ മുനീറിന്റെ പാർട്ടിയേക്കാൾ ശക്തമായി കമ്യൂണിസത്തെ സൈദ്ധാന്തികമായും ആശയസമരത്തിലൂടെയും എതിർത്ത പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. മാർക്സിസം ശീഘ്രഗതിയിൽ മുന്നേറവെ അത് മോസ്കോയിലും, മുതലാളിത്തം ന്യൂയോർക്കിലും അനാഥമാവുന്ന കാലഘട്ടത്തെക്കുറിച്ച് പ്രവചിച്ച ചിന്തകനാണ് മൗദൂദി.**

അതേസമയം പ്രഥമ കമ്യൂണിസ്റ്റ് സർക്കാറിന്റെ പ്രായോഗിക പരാജയം തുറന്നുകാട്ടാൻ മടിച്ചതുമില്ല. അപ്രകാരം വിമോചനസമരത്തിൽനിന്നും തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽനിന്നും വിട്ടുനിൽക്കുകയായിരുന്നു ജമാഅത്തെ ഇസ്‌ലാമി. അന്നത്തെ സാഹചര്യത്തിൽ മറ്റെല്ലാ മത സംഘടനകളും വിമോചന സമരത്തോടൊപ്പം നിന്നപ്പോഴായിരുന്നു ജമാഅത്തിന്റെ തത്ത്വാധിഷ്ഠിത സമീപനം.

## മൗദൂദിയെ തള്ളിപ്പറയണം!

■ *"ജമാഅത്തെ ഇസ്‌ലാമിയുടെ അടിസ്ഥാനം മൗദൂദിയുടെ സിദ്ധാന്തങ്ങളിൽ ഊന്നിനിന്നുകൊണ്ടുള്ളതാണ്. ഏതെങ്കിലും ജമാഅത്ത് നേതാവ് മൗദൂദിയെ അംഗീകരിക്കുന്നില്ലെന്ന് പറഞ്ഞാൽ തന്റെ വാക്കുകൾ പിൻവലിക്കാൻ തയാറാണ്. അല്ലാതെ മൗദൂദിയിൽ വിശ്വസിച്ചുകൊണ്ട് തങ്ങൾ സെക്യുലറാണെന്ന് പറയുന്നതിനെ അംഗീകരിക്കാനാവില്ല" (എം.കെ മുനീർ, മാധ്യമം ജൂലൈ 13). പ്രതികരണം?*

***സുബൈർ മണലൊടി, കിണാശ്ശേരി***

**ഒ**ന്നാമതായി ഡോ. മുനീർ അറിയേണ്ടത് അദ്ദേഹം സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയെയോ ജമാഅത്തെ ഇസ്‌ലാമിയെയോ അംഗീകരിക്കേണ്ട ഒരാവശ്യവും പ്രസ്ഥാനത്തിനില്ലെന്നതാണ്. സെക്യുലറിസത്തിന്റെ കാര്യത്തിൽ അദ്ദേഹത്തിന്റെ സർട്ടിഫിക്കറ്റും ജമാഅത്തിനു വേണ്ട. തദ്വിഷയകമായി എന്തെങ്കിലും ബേജാറ് ജമാഅത്തിനുണ്ടായിരുന്നെങ്കിൽ ഇപ്പോൾ മുനീറും ഷാജിയും നേരത്തെ ഹമീദും കാരശ്ശേരിയുമൊക്കെ സ്ഥിരം വിമർശനത്തിനായുധമാക്കുന്ന മൗദൂദിയുടെ കൃതികൾ പുനഃപ്രസിദ്ധീകരിക്കുന്നത് എന്നേ നിർത്തിവെക്കുമായിരുന്നു. ഇസ്‌ലാമിന്റെ മൗലിക പ്രമാണങ്ങളായ ഖുർആനെയും സുന്നത്തിനെയും ഖലീഫമാരുടെ മാതൃകയെയും അടിസ്ഥാനമാക്കി മൗദൂദി അവതരിപ്പിച്ച ഇസ്‌ലാമിന്റെ രാഷ്ട്രീയ വീക്ഷണം മൗലികമായി തെറ്റായിരുന്നു എന്ന് ജമാഅത്ത് വിശ്വസിക്കുന്നേ ഇല്ല. ഇസ്‌ലാമിനെ ജീവിതത്തിന്റെ സാമ്പത്തിക - സാമൂഹിക - രാഷ്ട്രീയ മേഖലകളിൽ നിന്നാകെ പുറംതള്ളി സ്വകാര്യത്തിൽ ഒതുക്കാൻ ഒരു ഇസ്‌ലാമിക പ്രസ്ഥാനം രംഗത്തിറങ്ങേണ്ട കാര്യമില്ല. ഒരു സെക്യുലർ പ്രസ്ഥാനമാണ് ജമാഅത്ത് എന്ന് ഒരു കാലത്തും അവകാശപ്പെട്ടിട്ടും ഇല്ല. മതേതരത്വം ലോകത്തിന് നൽകിയതും നൽകിക്കൊണ്ടിരിക്കുന്നതും കടുത്ത ധാർമികാധഃപതനവും മൂല്യച്യുതിയുമാണെന്ന് ഓരോ നിമിഷവും തെളിഞ്ഞുകൊണ്ടിരിക്കുന്നു. സെക്യുലർ ഇന്ത്യയുടെ കോടതി സ്വവർഗരതിയെ നിയമാനുസൃതമാക്കാൻ മാത്രം അത് വഷളായി. വ്യഭിചാരവും ഗർഭഛിദ്രവും ഗർഭപാത്ര വാടകയും നേരത്തെത്തന്നെ നിയമാനുസൃതമാണ്. പലിശയും ചൂതാട്ടവും പണ്ടേ ഹലാൽ. ഡോ. മുനീറിനും പാർട്ടിക്കും ഇതൊക്കെ വേണമെന്ന് തോന്നുന്നുവെങ്കിൽ അതവരുടെ ഇഷ്ടം. ഇസ്‌ലാമിക പ്രസ്ഥാനത്തിന് ഇത്തരം മതേതരത്വം ഏതായാലും വേണ്ട. എന്നാൽ സ്റ്റേറ്റ് അവർഗീയവും മതനിരപേക്ഷവും ആയിരിക്കണമെന്ന അർഥത്തിലുള്ള മതനിരപേക്ഷതയെ ജമാഅത്ത് ഒരുകാലത്തും തള്ളിപ്പറഞ്ഞിട്ടില്ല. മൗദൂദിയുടെ കൃതികളിൽ പരാർമശിക്കുന്നതും അതേക്കുറിച്ചല്ല.

## ലൈംഗിക വിദ്യാഭ്യാസം

■ *ആധുനിക സാമൂഹികശാസ്ത്ര പഠനങ്ങളിൽ കുടുംബങ്ങളിലെ ദാമ്പത്യ തകർച്ചക്ക് കാരണമായി പറയപ്പെടുന്ന പ്രധാനപ്പെട്ട പല കാരണങ്ങളിൽ ഒന്ന്, ലൈംഗികതയെക്കുറിച്ചുള്ള അറിവില്ലായ്മയോ അബദ്ധധാരണകളോ കാരണമായി ഉണ്ടാകുന്ന ലൈംഗികജീവിതത്തിലെ നിരാശയാണ്. ഇത് സദാചാരത്തകർച്ചക്കും സ്ത്രീ-പുരുഷ ബന്ധങ്ങളിൽ വിള്ളലുണ്ടാക്കുന്നതിലും വരെ കൊണ്ടെത്തിക്കുന്നു. ഈ പ്രശ്നം പരിഹരിക്കപ്പെടുന്നതിന് ഈ വിഷയകമായി പ്രചാരത്തിലുള്ള പുസ്തകങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് (ചിത്രങ്ങളോടു കൂടിയുള്ളതിനാൽ) ഇസ്‌ലാം എത്രത്തോളം അനുവാദം നൽകുന്നു? ഈ വിഷയകമായി വിവാഹത്തിന് മുമ്പുള്ള കൗൺസലിംഗ് പോലുള്ള സംഗതികളെ ഇസ്‌ലാമിക പ്രസ്ഥാനം എങ്ങനെ നോക്കിക്കാണുന്നു?*

***നസീം തിരുവനന്തപുരം***

**പ്ര**യോജനകരമായ മറ്റു വിജ്ഞാനശാഖകളെപോലെ ജീവിതത്തിനാവശ്യമായത് തന്നെയാണ് ലൈംഗിക വിജ്ഞാനവും. മനുഷ്യസമൂഹത്തിന്റെ നിലനിൽപിനും ശാന്തിക്കും സ്നേഹത്തിനും അല്ലാഹു സ്ത്രീ-പുരുഷന്മാരെ ഇണകളായി സൃഷ്ടിച്ചുവെങ്കിൽ ദാമ്പത്യജീവിതം പരമാവധി സന്തുഷ്ടവും സ്നിഗ്ദ്ധവുമാക്കിത്തീർക്കാൻ ലൈംഗികതയെക്കുറിച്ച അറിവ് ആവശ്യമാണ്. കൗമാരപ്രായക്കാർ അപകടങ്ങളിൽ ചെന്നു ചാടാതിരിക്കാനും ലൈംഗിക വിദ്യാഭ്യാസം ഉപകരിക്കും. ജീവിതം എന്നാൽ ആസ്വാദനം; ആസ്വാദനം എന്നാൽ സെക്സ് എന്ന മനുഷ്യനിർമിത ഭൗതിക ദർശനങ്ങളുടെ കാഴ്ചപ്പാടിനോട് ദൈവിക സന്മാർഗമായ ഇസ്‌ലാമിന് യോജിപ്പില്ല. വിവാഹത്തെ പരമാവധി പ്രോത്സാഹിപ്പിക്കുകയും ഉദാരമാക്കുകയും ചെയ്ത ഇസ്‌ലാം, വിവാഹേതര ബന്ധങ്ങളെയും ലൈംഗിക വൈകൃതങ്ങളെയും കർശനമായി വിലക്കി. മറ്റു കാരണങ്ങളാൽ വിവാഹം സാധ്യമാവാതെ വരുന്ന യുവാക്കൾ വ്രതമനുഷ്ഠിച്ച് സദാചാര ചിന്ത വളർത്തണമെന്നാണ് നബി(സ)യുടെ ഉപദേശം. ഫ്രോയിഡിയൻ മനഃശാസ്ത്രം സെക്സിന് നൽകുന്ന ഊന്നൽ ആത്യന്തികമാണ്. തദടിസ്ഥാനത്തിലുള്ള ലൈംഗിക വിദ്യാഭ്യാസവും ആരോഗ്യകരമാവില്ല. എന്നാൽ ശരിയായ ലൈംഗിക ബോധവത്കരണം വിവാഹിതരാവാൻ ഉദ്ദേശിക്കുന്ന യുവതീ യുവാക്കൾക്ക് കൗൺസലിംഗിലൂടെ നൽകുന്നത് പ്രയോജനകരമാവും. മുസ്‌ലിം യുവജന സംഘടനകളും മഹല്ല് ഭരണസമിതികളും അതിന് സ്ഥിരം സംവിധാനമുണ്ടാക്കുന്നത് ഗുണകരമാവും. എല്ലാം അപ്പടി അനുകരിക്കേണ്ടതോ അപ്പടി തിരസ്കരിക്കേണ്ടതോ അല്ലെന്ന് ചുരുക്കം.

## പ്രസാദം

■ *ഞങ്ങൾ ഒരേ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരാണ്. തീർഥാടനത്തിനു ശേഷമുള്ള പ്രസാദം കൊടുത്തപ്പോൾ സ്വീകരിക്കാത്ത മുസ്‌ലിം സുഹൃത്തുക്കൾ ഉണ്ട്. അവർ പറയുന്നത്, നിങ്ങൾക്ക് പുണ്യയാത്ര ചെയ്യാം ചെയ്യാതിരിക്കാം. വിഗ്രഹത്തിന് പ്രതിഷ്ഠിക്കപ്പെട്ടത് ഞങ്ങൾക്ക് ഉപയോഗിച്ചുകൂടെന്നാണ്. ഇതേ സുഹൃത്തുക്കൾ നൽകുന്ന മധുര പലഹാരങ്ങളും ഹാജിമാർ കൊണ്ടുവന്നു നൽകുന്ന സംസം ജലവും കാരക്കയും സ്നേഹാനുഭൂതിയോടെ ഞങ്ങൾ കഴിക്കാറുമുണ്ട്. എങ്കിൽ മേൽ സൂചിപ്പിച്ച സുഹൃത്തുക്കളുടെ വാദവുമായി ഖുർആനോ പ്രവാചകവചനങ്ങൾക്കോ ബന്ധമുണ്ടോ?*

***ധന്യശ്രീ ഹരിദാസ് പള്ളിക്കര, കാസർകോട്***

**ക**ണിശമായ ഏകദൈവത്വത്തിലും വിഗ്രഹനിരാസത്തിലും അധിഷ്ഠിതമാണ് ഇസ്‌ലാം. അതിനാൽ ബഹുദൈവ വിശ്വാ

സത്തിലേക്കോ വിഗ്രഹാരാധനയിലേക്കോ നയിക്കുന്നതും അത്തരം വിശ്വാസാചാരങ്ങളുമായി ബന്ധപ്പെട്ടതുമായ എല്ലാറ്റിനെയും വർജി ക്കണമെന്നാണ് വിശ്വാസികളോടുള്ള ഖുർആന്റെ കൽപന. അല്ലാഹു അല്ലാത്തവർക്ക് വേണ്ടി ബലിയർപ്പിക്കപ്പെട്ട വസ്തുക്കൾ നിഷിദ്ധ മാണെന്ന് വ്യക്തമാക്കപ്പെട്ട പശ്ചാത്തലം അതാണ്. അതുകൊണ്ടാണ് മുസ്‌ലിംകൾ മറ്റു മതസ്ഥരുടെ വിഗ്രഹാരാധനപരമായ ഉപഹാര ങ്ങളെ നന്ദിപൂർവം നിരസിക്കുന്നത്. എന്നാൽ മറ്റു മതസ്ഥർക്ക് വിശിഷ്യാ ഹിന്ദുക്കൾക്ക് കർക്കശമായ ഏകദൈവത്വ സങ്കൽപമോ വിഗ്രഹാരാധനയോട് വിരക്തിയോ ഇല്ല. അതിനാൽ ഏതു മതപശ്ചാ ത്തലമുള്ള ഉപഹാരങ്ങളും അവർക്ക് വർജ്യമല്ലെന്ന് വരാം. ഇസ്‌ലാ മിലാകട്ടെ ഇത്തരം നിവേദ്യങ്ങൾ ഇല്ലതാനും. ബലിമൃഗമാംസം പോലും സുഹൃത്തുക്കൾക്കും പാവങ്ങൾക്കുമെല്ലാമായി വിതരണം ചെയ്യാനാണ് അല്ലാഹുവിന്റെ കൽപന. അത് കുരുതിയോ നിവേ ദ്യമോ അല്ല. ഹാജിമാർ കൊണ്ടുവരുന്ന സംസം ജലമോ കാരക്കയോ പലഹാരങ്ങളോ ഒന്നും പൂജ്യ വസ്തുക്കളല്ല, വെറും സ്നേഹോപ ഹാരങ്ങൾ മാത്രമാണ്. അതുപോലെ ഓണം വിഭവങ്ങൾ മുസ്‌ലിം കളും സ്വീകരിക്കാറുണ്ടല്ലോ.

## ശിർക്ക്

■ *ഞാൻ മുജാഹിദ് പ്രവർത്തകനാണ്. മുസ്‌ലിം ലീഗിലോ കോൺഗ്ര സിലോ പ്രവർത്തിച്ചാൽ ശിർക്ക് സംഭവിക്കുമോ? സംഭവിക്കുമെ ങ്കിൽ മേൽ പറഞ്ഞ പാർട്ടികളിൽ ശിർക്ക് കലരാതെയുള്ള പ്രവർത്തനം എങ്ങനെ സാധ്യമാവും?*

***കെ.പി റഷീദ് മംഗലം***

**മു**ജാഹിദ് സംഘടനകൾ രാഷ്ട്രീയ പ്രവർത്തനങ്ങളെ എങ്ങനെ കാണുന്നു, തൗഹീദിന്റെ കാഴ്ചപ്പാട് ഇക്കാര്യത്തിൽ എന്താണ് എന്ന് വിശദീകരിക്കേണ്ടത് അവയുടെ നേതാക്കളും പണ്ഡി തന്മാരുമാണ്. അല്ലാഹു അല്ലാത്തവരുടെ പരമാധികാരം അംഗീക രിച്ച്, നിരുപാധികമായ നിയമനിർമാണാധികാരം വിശ്വാസപരമാ യിത്തന്നെ സൃഷ്ടികൾക്ക് വകവെച്ചുകൊടുക്കുന്ന രാഷ്ട്രീയ പ്രവർത്തനമാണ് ഒരാൾ നടത്തുന്നതെങ്കിൽ അത് ശിർക്കാണെന്നേ ജമാഅത്തെ ഇസ്‌ലാമിക്ക് അഭിപ്രായമുള്ളൂ. ■